പാഠം 10

# ശബ്ബത്ത് സ്വസ്ഥത

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 1:26,27; 9:6; 2 പത്രൊസ് 2:19; റോമർ 6:1–7; പുറ. 19:6; യോഹ. 5:7–16.**

**മനഃപാഠവാക്യം: "ആറുദിവസം വേല ചെയ്യണം; ഏഴാം ദിവസം വിശുദ്ധ സഭായോഗം കൂടേണ്ടുന്ന സ്വസ്ഥയ്ക്കുള്ള ശബ്ബത്ത്, അന്ന് ഒരു വേലയും ചെയ്യരുത്; നിങ്ങളുടെ സകലവാസസ്ഥലങ്ങളിലും അതു യഹോവയുടെ ശബ്ബത്ത് ആകുന്നു" (ലേവ്യ. 23:3).**

ഏഴാംദിനശബ്ബത്ത് ആചരിക്കുന്നതിനെതിരേ നാനാതര ആരോപണങ്ങൾ നാം കേൾക്കുന്നുണ്ട്. അങ്ങനെയല്ലേ? യേശു ശബ്ബത്തിനെ ഞായറാഴ്ചയിലേക്കു മാറ്റിയെന്നോ അല്ലെങ്കിൽ യേശുതന്നെ ശബ്ബത്തിനെ മാറ്റിക്കളഞ്ഞു എന്നോ പൗലൊസ് അതു ചെയ്തെന്നോ യേശുവിന്റെ ഉയിർപ്പു പ്രഖ്യാപിക്കേണ്ടതിന് അപ്പൊസ്തലന്മാർ അങ്ങനെ ചെയ്തെന്നോ ഒക്കെ നമ്മൾ ധാരാളം കേൾക്കുന്നുണ്ട്. യേശുവിങ്കലാണു നമുക്കു വിശ്രമം വേണ്ടത് എന്നും ശബ്ബത്തോ മറ്റ് ഏതൊരു ദിവസമോ ആവശ്യമില്ലായെന്നുമുള്ള ധാരാളം കൃത്രിമവാദഗതികൾ ഇക്കാലത്ത് അത്യധികം വന്നുകൊണ്ടിരിക്കുന്നു. മാത്രമല്ല, ശബ്ബത്തിൽ സ്വസ്ഥമായിരിക്കുന്നതിൽക്കൂടെ നമ്മൾ സ്വർഗ്ഗം പ്രവൃത്തികൊണ്ടു നേടിയെടുക്കുവാൻ ശ്രമിക്കുന്നുവെന്നും പ്രചാരണമുണ്ട്.

ചില ക്രിസ്ത്യാനികൾ സ്വസ്ഥത വളരെ അത്യാവശ്യമെന്നു വാദിക്കുന്നു. അതു ഞായറാഴ്ച മതിയെന്ന് അവർ പറയുന്നു. സ്വസ്ഥതയെന്ന തിരുവചന അഭിപ്രായം പൊതുവെ എല്ലാവരും എടുക്കുന്നുണ്ട്.

സെവന്ത്ഡേ അഡ്വന്റിസ്റ്റുകളായ നമ്മൾ ദൈവിക നിയമങ്ങളുടെ സ്ഥിരത മനസ്സിലാക്കുന്നു. നാലാം കല്പനയും മറ്റേതൊരു കല്പന പോലെ മാത്രമേയുള്ളൂ. ഒരു കല്പനയും നമ്മെ സ്വർഗ്ഗത്തിലെത്താൻ സഹായിക്കുന്നുമില്ല.

ശബ്ബത്തുകല്പനയിൽ ദൈവം നൽകിയിരിക്കുന്ന സ്വസ്ഥതയെപ്പറ്റിയും അത് എന്തുകൊണ്ട് പ്രധാനപ്പെട്ടതാണെന്നും ഈ ആഴ്ച നാം പഠിക്കുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 4 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ശബ്ബത്തും സൃഷ്ടിപ്പും

“ഓർക്ക” എന്ന വാക്കുകൊണ്ട് ആരംഭിക്കുന്നതു ശബ്ബത്ത് കല്പന മാത്രമേയുള്ളൂ. മോഷ്ടിക്കാതിരിപ്പാൻ ഓർക്ക എന്നോ മോഹിക്കാതിരിപ്പാൻ ഓർക്ക എന്നോ ഒന്നും പറയുന്നില്ല. “ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക” എന്നേ കല്പനയുള്ളൂ.

മുൻകാലത്തു സംഭവിച്ചതു നമുക്കു നന്നായി ഓർമ്മയിലുണ്ടാകണമെന്ന് അത് അർത്ഥമാക്കുന്നു. ഓർമ്മിക്കുമ്പോൾ മുൻകാലസംഭവവുമായി നാം ബന്ധം ഉണ്ടാക്കുന്നു. “ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക” എന്നു പറയുമ്പോൾ സൃഷ്ടിപ്പിൻ വാരത്തിലേക്കു നമ്മൾ ഉടൻതന്നെ തിരിഞ്ഞെത്തുകയാണ്.

ഉല്പത്തി 1:26,27; 9:6 വാക്യങ്ങൾ വായിക്കുക. മനുഷ്യരായ നാം എത്ര പ്രത്യേകതയുള്ളവരാണെന്ന് ഈ വാക്യങ്ങൾ എന്തുപറയുന്നു? ദൈവത്തിന്റെ മറ്റുസൃഷ്ടികളിൽനിന്നു മനുഷ്യരായ നമ്മൾ പ്രാഥമികമായിത്തന്നെ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു? ഈ വ്യത്യസ്തത എത്രമാത്രം വലുതാണെന്ന് അറിഞ്ഞിരിക്കേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്? സൃഷ്ടിപ്പ് ഓർമ്മിക്കുന്നേരം ദൈവസാദൃശ്യത്തിലാണു നമ്മൾ സൃഷ്ടിക്കപ്പെട്ടതെന്ന് ഓർമ്മിക്കുന്നു. സൃഷ്ടിപ്പിന്റെ കൂട്ടത്തിൽ മറ്റൊന്നിനെക്കുറിച്ചും ഇങ്ങനെ കാണുന്നില്ല. ചില മൃഗങ്ങളുമായി നാം എത്രമാത്രം ഡി.എൻ.എ. സാമ്യം ഉണ്ടെന്നു പറയുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി മനുഷ്യർ മറ്റുജീവജാലങ്ങളിൽനിന്നു വ്യത്യസ്തരായിരിക്കുന്നു. ജനപ്രിയ പുരാണകഥകളിൽ നിന്നൊക്കെ വിപരീതമായി നമ്മൾ വാലില്ലാക്കുരങ്ങിന്റെയോ പുരാതന ഇതിഹാസങ്ങളിലെ ആൾക്കുരങ്ങുകളുടെയോ പരിണാമങ്ങളൊന്നും അല്ലായെന്ന് ഇതു നമ്മോടു ശക്തമായവിധം പ്രഖ്യാപിക്കുന്നു. ഈ ലോകത്തിൽ ദൈവം സൃഷ്ടിച്ചിരിക്കുന്ന സകല ഭൂചരജന്തുക്കളിലും നിന്നൊക്കെ വ്യത്യസ്തതയിൽ നമ്മൾ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

സൃഷ്ടികർത്താവിനോടുള്ള നമ്മുടെ ബന്ധത്തെക്കുറിച്ചു സൃഷ്ടിപ്പിൻ ചരിത്രം എന്ത് ഓർമ്മപ്പെടുത്തുന്നു? ഉല്പത്തി 2:15,19.

നമ്മുടെ ലോകത്തെയും ദൈവം സൃഷ്ടിച്ചു എന്നു മനസ്സിലാക്കുവാൻ സൃഷ്ടിപ്പിനോടുള്ള നമ്മുടെ ഉത്തരവാദിത്വം നമ്മൾ ഓർമ്മിപ്പിക്കുന്നു. സകലസൃഷ്ടിയുടെയും മേൽ “വാഴുവിൻ” എന്നു ദൈവം മനുഷ്യനോടു കല്പിച്ചു. “വാഴുവിൻ” എന്നത് അതിനെ ചൂഷണം ചെയ്വിൻ എന്ന് അർത്ഥമാക്കുന്നില്ല. ഈ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളായിരിപ്പാൻ ദൈവം കല്പിച്ചിരിക്കുന്നു. ദൈവം ചെയ്യുന്നതുപോലെ മാത്രം നമ്മൾ പ്രകൃതിയോടു പെരുമാറണം. പാപംകടന്നു വന്നു സകലത്തെയും തകിടം മറിച്ചു. എന്നാലും ഈ ഭൂമി ദൈവത്തിന്റെ സൃഷ്ടിതന്നെയാണ്. അതിനെ ഒരു വിധത്തിലും ചൂഷണം ചെയ്ത തകർക്കുവാൻ നമുക്കു യാതൊരു അവകാശവുമില്ല. പലപ്പോഴും കാണപ്പെടുന്നതുപോലെ മറ്റുള്ളവർക്ക് ഒരിക്കലും ദോഷം വരുത്തരുത്. ദൈവത്തിന്റെ സൃഷ്ടിസ്മാരകത്തെ ബഹുമാനിക്കുന്നതു കൂടാതെ നമ്മുടെ പരിസരത്തിന്മേൽ നല്ല കാര്യവിചാരകരായിരിപ്പാനും ശബ്ബത്താചരണം നമ്മെ ഏതെല്ലാം വിധങ്ങളിൽ ബോധവാന്മാരാക്കുന്നു?

## സ്വാതന്ത്ര്യം അനുഭവിക്കുക

നാം ഇതുവരെ മനസ്സിലാക്കിയതിലുമധികം ശബ്ബത്ത് സൃഷ്ടിപ്പിൻ ദിവസങ്ങളെക്കാളുമപ്പുറം ചൂണ്ടിക്കാണിക്കുന്നുണ്ട്. രണ്ടാംതവണ പത്തുകല്പനകളെക്കുറിച്ചു പറയുമ്പോൾ മോശെ യിസ്രായേല്യരുടെ നാല്പതു വർഷ മരുഭൂപ്രയാണത്തെക്കുറിച്ചു ചിന്തിക്കയായിരുന്നു. ശബ്ബത്തു വിശുദ്ധമായി ആചരിക്കേണ്ടതുണ്ടെന്ന് ഇത്തവണ പറയുമ്പോൾ മിസ്രയീമ്യ അടിമത്വത്തിൽനിന്നുള്ള അവരുടെ വിടുതലും കൂടെ സൃഷ്ടിപ്പിനോടു ചേർത്ത് അവൻ പറയുന്നു (ആവ. 5:12–15). ഇന്നു നാം മിസ്രയീമിൽ അടിമകളല്ലായെങ്കിലും മറ്റൊരുവിധ അടിമത്വം നാമെല്ലാം നേരിടുകയാണ്. അതു നമ്മെ വളരെയധികം ഞെരുക്കുന്നു.

ഏതെല്ലാം വിധ അടിമത്വങ്ങളാണു നാമിന്നു നേരിടുന്നത്? ഉല്പത്തി 4:7; എബ്രാ. 12:1; 2 പത്രൊസ് 2:19 വായിക്കുക.

നമ്മെ അടിമത്വത്തിലാക്കുന്ന സകലത്തിൽനിന്നുമുള്ള സ്വാതന്ത്ര്യമാണ് ശബ്ബത്ത്. സകലപാപങ്ങൾക്കും മോചനമുണ്ടെന്നു ശബ്ബത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ശക്തിയിലല്ല; വിശ്വാസത്തിൽകൂടെയുള്ള ദൈവശക്തിയാലത്രെ അതു സാധിക്കുന്നത്. ആ സ്വാതന്ത്ര്യം നാം നേടി എടുക്കുന്നതല്ലായെന്നു പിന്നെയും നമ്മെ ഓർമ്മപ്പെടുത്തുന്നു. മിസ്രയീമിൽനിന്നുള്ള പുറപ്പാടിനുമുമ്പ് കട്ടിളക്കാലുകളിൽ പുരട്ടിയിരുന്ന രക്തം അവരുടെ ആദ്യജാതന്മാരുടെ ജീവൻ രക്ഷിച്ചതുപോലെ (പുറ. 12) നമ്മൾ ഓരോരുത്തരും ദൈവത്തിന്റെ കുഞ്ഞാടിൽ രക്തം കൊണ്ടു രക്ഷ നേടിയിരിക്കുന്നു. അതിൽ കൂടെ ഇപ്പോൾ ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യത്തിൽ നാം തുടർന്നുപോകേണ്ടതാണ്.

റോമർ 6:1–7 വായിക്കുക. ഇവിടെ പൗലൊസ് പറയുന്നത് ശബ്ബത്തിനെക്കുറിച്ചു നമ്മുടെ അറിവുമായി ചേർത്തു നോക്കുക.

ആവ. 5:15 “നീ മിസ്രയീം ദേശത്ത് അടിമ ആയിരുന്നു എന്നും അവിടെനിന്നു നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെട്ടുവിച്ചു എന്നും ഓർക്ക” എന്നിങ്ങനെ മോശെ വീണ്ടും അവരെ ഓർമ്മപ്പെടുത്തുന്നതു ദൈവശക്തിമാത്രമാണ് അവരെ രക്ഷിച്ചത് എന്നു സ്ഥാപിക്കുന്നു. അപ്പോൾ ക്രിസ്ത്യാനികളായ നാം നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രവർത്തനവും ശക്തിയും മാത്രമാണു നമ്മെ പാപത്തിൽനിന്നു രക്ഷിച്ചിരിക്കുന്നത് എന്ന് അംഗീകരിക്കേണ്ടതല്ലേ?

ദൈവം തന്റെ സർവ്വശക്തകരംകൊണ്ടു നമുക്കുവേണ്ടി രക്ഷ നേടിയെടുത്തതിൽ നാം സ്വസ്ഥത അനുഭവിക്കണമെന്ന് ഈ കല്പന നമ്മോടു പറയുന്നു. നീതി നേടി എടുക്കുന്ന നമ്മുടെ സ്വന്ത പരിശ്രമങ്ങൾ ഉപേക്ഷിച്ചു കളയണമെന്നും ദൈവത്തെ സൃഷ്ടി കർത്താവായി നാം ഓർത്തുകൊള്ളേണ്ടതാണെന്നും നമ്മുടെ പാപം പോക്കി നമ്മെ പുനഃസൃഷ്ടികളാക്കിത്തീർക്കുവാൻ നാം അനുവദിച്ചുകൊടുത്താൽ ദൈവം ചെയ്യുമെന്നും ഇതു നമ്മോടു പറയുന്നു.

പാപത്തിന്റെ അടിമത്വത്തിൽ നിങ്ങൾക്കുണ്ടായ സ്വന്ത അനുഭവം എന്താണ്? അടിമത്വത്തിൽനിന്നുള്ള മോചനത്തിനു യേശുവിൽക്കൂടെ തന്നിരിക്കുന്ന വാഗ്ദത്തങ്ങൾ അനുഭവത്തിലാക്കുന്നത് പഠിക്കുവാൻ നമുക്കെങ്ങനെ സാധിക്കും?

## വാതില്ക്കലെ പരദേശി

പുറ. 19:6 വായിക്കുക: പുരാതന യിസ്രായേലിന്റെ നിലവാരത്തെപ്പറ്റി ഈ വാക്യം എന്തുപറയുന്നു? (1 പത്രൊസ് 2:9 കൂടെ വായിക്കുക).

ദൈവത്തിങ്കൽനിന്നുള്ള ഉടമ്പടി ലഭിച്ച ജനമായിരിക്കേണ്ടതിനു ദൈവം അവരെ മിസ്രയീമിൽനിന്നു വിടുവിച്ചു. അവർ വിശ്വസ്തരായി നിലനിന്നിരുന്നെങ്കിൽ അവരിൽകൂടെ ഭൂലോകമെങ്ങും സത്യസുവിശേഷം എത്തിചേരുമായിരുന്നു. ദൈവത്തിന്റെ പ്രത്യേക സംരക്ഷണവും ജാഗ്രതയും അവരുടെ മേലുണ്ടായിരുന്നു. പ്രത്യേക അവകാശങ്ങളും അതേസമയം പ്രത്യേക ഉത്തരവാദിത്വങ്ങളും അവരുടെമേൽ ദൈവം അർപ്പിച്ചിരുന്നു.

പുറ. 23:12 വായിക്കുക. ഇവിടെ മറ്റെന്തുകൂടെ നടക്കുന്നു? യിസ്രായേല്യർ അല്ലാത്തവരെയും ദൈവം എങ്ങനെ വീക്ഷിച്ചിരുന്നു?

ശബ്ബത്തിന്റെ സാർവത്രികത്വം എന്നതു പലർക്കും നഷ്ടമായിപ്പോകുന്നു അത് യെഹൂദന്മാർക്കുവേണ്ടി മാത്രമുള്ളതാണെന്ന തെറ്റിദ്ധാരണയുമുണ്ട്. ഇതിനെ സംബന്ധിച്ച് ഉല്പത്തിപുസ്തകത്തിലെ ആദ്യരണ്ട് അദ്ധ്യായങ്ങൾ വിവരിക്കുന്നതു ശ്രദ്ധിക്കുക. സകലമനുഷ്യവംശവും ദൈവത്തിന്റെ സൃഷ്ടിയാണ്. ആയതിനാൽ സകല മനുഷ്യരും ദൈവത്തിന്റെ ശബ്ബത്തു ബഹുമാനിപ്പാൻ ഓർമ്മിക്കണം.

നമുക്കു ശബ്ബത്ത് എന്താണെന്നുള്ളത് ഓർത്തുകൊണ്ടു മറ്റുള്ളവരെക്കുറിച്ച് അതു നമ്മോട് എന്തുപറയുന്നുവെന്നതും നാം ഓർമ്മിക്കണം. നമ്മുടെ സർവ്വശക്തനായ സൃഷ്ടികർത്താവും വീണ്ടെടുപ്പുകാരനുമായവനിൽ സ്വസ്ഥത പ്രാപിക്കുന്നേരം നമ്മെ സൃഷ്ടിച്ചതുപോലെ തന്നെ മറ്റുള്ളവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും നമ്മെ സ്നേഹിക്കുന്ന അതേ ദൈവം മറ്റുള്ളവരെയും സ്നേഹിക്കുന്നുവെന്നും നമുക്കു വേണ്ടിയെന്നതുപോലെ അവർക്കുവേണ്ടിയും അതേ ദൈവം മരിച്ചിരിക്കുന്നുവെന്നും സ്വാഭാവികമായി ഓർമ്മയിൽവെച്ചുകൊള്ളേണം. നാം കണ്ടുകഴിഞ്ഞതുപോലെ (പുറ. 20:10; ആവ. 5:14) വേലക്കാർ, പരദേശികൾ, മൃഗങ്ങൾ എന്നിവർക്കെല്ലാം ശബ്ബത്തു സ്വസ്ഥത നല്കപ്പെടണം.

“പടിവാതില്ക്കകത്തുള്ള പരദേശിക്കും” ശബ്ബത്തു സ്വസ്ഥത നല്കപ്പെടണം. ദൈവം യിസ്രായേല്യരോടു ചെയ്ത ഉടമ്പടി ബന്ധത്തിൽ വന്നെത്താതിരിക്കുന്നവർക്കുപോലും ശബ്ബത്തുസ്വസ്ഥത അനുഭവമാക്കണം. മനുഷ്യരും മൃഗങ്ങളും മറ്റൊന്നുംതന്നെ ചൂഷണം ചെയ്യപ്പെടാനോ പീഡിപ്പിക്കപ്പെടാനോ പാടില്ല. പണ്ട് എബ്രായ ജനത്തോടു കല്പിച്ചിരുന്നതുപോലെ ഇന്നു നമ്മോടു പറയുന്നതു നമ്മളും മറ്റെല്ലാവരും ആഴ്ചതോറും ശബ്ബത്ത് ആചരിക്കുമ്പോൾ അതിന്റെ അനുഗ്രഹം നമുക്കുണ്ടെങ്കിലും മറ്റുള്ളവരെയും ബഹുമാനത്തോടും മതിപ്പോടുംകൂടെ കാണണമെന്നാണ്.

നിങ്ങളുടെ ശബ്ബത്താചരണം അതുചെയ്യാതിരിക്കുന്നവർക്ക് എങ്ങനെ അനുഗ്രഹപ്രദമാകും? അതനുസരിച്ചുമാത്രമേ നിങ്ങൾ ശബ്ബത്താചരിക്കുന്നതു മറ്റുള്ളവർക്കു സാക്ഷ്യമായിത്തീരുകയുള്ളൂ.

## മറ്റുള്ളവരെ സേവിക്കുന്നതു ദൈവത്തിന്റെ ശബ്ബത്തിനു ബഹുമാനം

കർത്താവിന്റെ കാലത്തുള്ള സഭയിൽ മതനേതാക്കൾ ശബ്ബത്താചരണത്തിനു ലളിതകലാപോഷണം പോലെയുള്ള രീതികൾ കൊണ്ടുവന്നു. ശബ്ബത്ത് വിശുദ്ധമായിരിക്കത്തക്കവണ്ണം ഡസൻകണക്കായ നിബന്ധനകളും നടപ്പാക്കി.

ചുറ്റപ്പെട്ടിരിക്കുന്ന രണ്ടു നൂലുകൾ വേർപിരിക്കുന്നതും എന്തിന്റെയെങ്കിലും കെട്ടഴിക്കുന്നതും തീ അണയ്ക്കുന്നതും ഒരു സാധനം ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു മാറ്റുന്നതും ഒരു പ്രത്യേക ദൂരത്തിനപ്പുറം എന്തെങ്കിലും കൊണ്ടുപോകുന്നതും ഒക്കെ നിരോധിക്കപ്പെട്ടിരുന്നു.

യോഹന്നാൻ 5:7–16 ൽ യേശുവിനെതിരേ ചുമത്തിയ ആരോപണങ്ങൾ എന്തൊക്കെയായിരുന്നു?

യേശു നിർവ്വഹിച്ച അതിശയപ്രവൃത്തി മറന്നും രോഗിയായവനു കിട്ടിയ ശമനം അവഗണിച്ചും കൊണ്ടു സൗഖ്യമായവൻ ശബ്ബത്തിൽ തന്റെ കിടക്ക എടുത്തതിനെ നേതാക്കന്മാർ ഭ്രാന്തമായ പീഡനവിധേയമാക്കി. “ശബ്ബത്തിന്റെയും കർത്താവ്” (മർക്കൊസ് 2:28) ആയവൻ ആ ദിവസത്തെ എങ്ങനെ ഉപയോഗിച്ചു എന്നു കാണുന്നതിനുപകരം തങ്ങളുടെ സ്വന്തനിയമങ്ങളും നിയന്ത്രണങ്ങളും കരുതിക്കൂട്ടി അടിച്ചേല്പിക്കുകയായിരുന്നു. നമ്മുടെ സ്വന്തനിലയിലും നിലവാരത്തിലും ഇതുപോലുള്ള തെറ്റുകൾ വരുത്തിവയ്ക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

യെശ. 58:12–14 വായിക്കുക. ശബ്ബത്താചരണത്തിനുള്ള ദൈവിക പ്രവൃത്തിവിവരണം എന്താണ്?

ശൂന്യത നിറഞ്ഞ ആരാധനയോ പരിശുദ്ധ നിശ്ശബ്ദതയോ ദൈവത്തിന് ആവശ്യമില്ല. തന്റെ ജനം മറ്റു മനുഷ്യരുമായി ഇടപഴകുന്നതും പ്രത്യേകിച്ച് പീഡിതരോടും തള്ളപ്പെട്ടവരോടും അടുത്തുവരുന്നതും കാണ്മാൻ ദൈവം വാഞ്ഛിക്കുന്നു.

യെശ. 58:13,14 വാക്യങ്ങൾ ഇതു വ്യക്തമാക്കുന്നു. നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു. ശബ്ബത്തിനെ ഒരു സന്തോഷമെന്നും യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലയ്ക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ നീ യഹോവയിൽ പ്രമോദിക്കും; ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടുനിന്നെ പോഷിപ്പിക്കുകയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്.”

സ്വന്തം താല്പര്യം അന്വേഷിക്കുന്നതും സ്വന്തഇഷ്ടം നോക്കുന്നതും ശബ്ബത്തിനെ ചവിട്ടി താഴ്ത്തുന്നതിനു തുല്യമാണ്. കഷ്ടപ്പെടുന്നവരെയും അടിമത്വത്തിലായിരിക്കുന്നവരെയും വിശപ്പുള്ളവരെയും നഗ്നരെയും ഇരുളിലായിരിക്കുന്നവരെയും ആരും തന്നെ ശ്രദ്ധിക്കാത്തവരെയും കണ്ടുമുട്ടാൻ നമ്മോടു പറയുക. മറ്റേതൊരു ദിവസത്തെക്കാളുമധികം നാം ശബ്ബത്തു ദിവസം നമ്മെ നമ്മിൽനിന്നു മാറ്റിനിർത്തി നമ്മിലെ സ്വാർത്ഥത അകറ്റി നമ്മുടെ ആവശ്യങ്ങളെക്കാളധികം മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ശ്രദ്ധിക്കുന്നവരാകണം.

## നാം ദൈവത്തിന്റേത് എന്ന അടയാളം

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മൻ സൈന്യം എത്രയും വേഗം ആക്രമണം തുടങ്ങുമെന്ന് ഇംഗ്ലണ്ട് പ്രതീക്ഷിക്കയായിരുന്നു. സ്വയം സുരക്ഷയ്ക്കുവേണ്ടുന്ന ക്രമീകരണങ്ങളൊക്കെ കഴിയുന്നിടത്തോളം അവർ ചെയ്തുതുടങ്ങി. കടൽത്തീരങ്ങളിൽ കോട്ടകെട്ടി ഉറപ്പുവരുത്തി. റോഡു ഗതാഗതം ശത്രുക്കൾക്കു സഹായകമാകുമെന്നുള്ളതുകൊണ്ട് തന്ത്രപ്രധാനസ്ഥലങ്ങളിലൊക്കെ തടസ്സങ്ങൾ സൃഷ്ടിച്ചു. മറ്റൊന്നോ ഉപായം കൂടെ അവർ പ്രയോഗിച്ചു. ശത്രുവിനെ ചിന്താക്കുഴപ്പത്തിലാക്കാൻ റെയിൽവെ ബോർഡുകളും റോഡിലെ കൈചൂണ്ടികളുമെല്ലാം മറാറ്റിവെച്ചു. കരിങ്കല്ലുകളിൽ കൊത്തിയിരുന്നവ മാറ്റാനാകാത്തതുകൊണ്ട് അതെല്ലാം സിമന്റു തേച്ചു മറച്ചു.

അടയാളങ്ങൾ വളരെ പ്രധാനമാണ്. അവ വഴികാട്ടികളായും അടയാളസ്ഥാനങ്ങളായും പ്രവർത്തിക്കുന്നു. ജിപിഎസ് ഉണ്ടാകുന്നതിനുമുമ്പ് നാമെല്ലാം ഭൂപടകളും മറ്റ് അടയാളങ്ങളും നോക്കിയിരുന്നു.

ശബ്ബത്ത് എന്തിന്റെ അടയാളമാണ്? പുറ. 31:13,16,17 വായിക്കുക. ദൈവം കൊടുത്ത നിയമത്തിന്റെ സ്ഥിരതയിൽ ജനം വിശ്വസിക്കുന്ന ഇക്കാലത്ത് ഇതു നമുക്ക് എന്തിനോടു യോജിപ്പിക്കാം?

ഈ വാക്കുകൾ പ്രത്യേകമായി പൗരാണിക യിസ്രായേലിനോടുള്ളതാണെങ്കിലും അന്ത്യകാലത്തു വന്നെത്തിയിരിക്കുന്ന ക്രിസ്ത്യാനികളായ നാം "ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു" (ഗലാ. 3:29). എന്നതുകൊണ്ട് ഇന്നും ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന അടയാളമായി ഇതു നിലനില്ക്കുന്നു. പുറ. 31 പ്രകാരം തന്റെ ജനം ദൈവത്തിന് ഉള്ളവരാകയാൽ നിത്യഉടമ്പടി അനുസരിച്ചു ശബ്ബത്ത് എന്നേക്കും ഉള്ളതാണ്. നമ്മുടെ സൃഷ്ടിതാവിനെയും വീണ്ടെടുപ്പുകാരനെയും നമ്മെ വിശുദ്ധീകരിക്കുന്നവനെയും "അറിയുന്ന"തിന് ഇതൊരു "അടയാളം" ആയി എന്നേക്കും നില്ക്കുന്നു. മനുഷ്യർ പലപ്പോഴും മറന്നുപോകാൻ ചായ്‌വുള്ളവരാകകൊണ്ട് ഓരോ ഏഴാം ദിവസവും ഉയർത്തുന്ന ഒരു പതാകപോലെ നമ്മെ അത് ഓർമ്മിപ്പാൻ സഹായിക്കുന്നു.

നമ്മുടെ ഉത്ഭവം, വിടുതൽ, അന്ത്യം എന്നിവ ഓർമ്മപ്പെടുത്തിക്കൊണ്ടു പുറജാതികളോടും തള്ളപ്പെട്ടവരോടും നമുക്കുള്ള ഉത്തരവാദിത്വം ശബ്ബത്ത് നമ്മെ അറിയിക്കുന്നു. താന്തോന്നിയായി ഓടിക്കൊണ്ടിരിക്കുന്ന ഈ ഭൂമിയെ വീണ്ടെടുക്കുന്ന ദൈവപദ്ധതി അതു വെളിവാക്കുന്നു. ദൈവം സ്ഥാപിച്ച ഉടമ്പടിക്കു പങ്കാളിത്വം വഹിക്കുന്ന മനുഷ്യരെ സൃഷ്ടികർത്താവും വീണ്ടെടുപ്പുകാരനുമായവങ്കലേക്ക് അടയാളമായി അതു ചൂണ്ടിക്കാണിക്കുന്നു. "തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ" (എബ്രാ. 12:2). ക്രിസ്തുയേശുവിൽ സൗജന്യമായി നല്കപ്പെട്ടിരിക്കുന്ന സ്വസ്ഥതയിലേക്കു കടന്നുവരാൻ ആഴ്ചതോറും ദൈവിക അധികാരത്തോടും ശക്തിയോടുംകൂടെ അതു നമ്മോടു കല്പിക്കുന്നു.

ശബ്ബത്തിൽ ദൈവത്തോടുള്ള ആഴമായ അനുഭവത്തിങ്കൽ എത്തിച്ചേരാൻ നിങ്ങൾക്കെങ്ങനെ പഠിക്കാം?

## കൂടുതൽ ആശയങ്ങൾ:

“ആഴ്ചയിലുടനീളം ശബ്ബത്തിനെ ചിന്താവിഷയമാക്കി കല്പന പ്രകാരം ആചരിക്കേണ്ടതിന് ഒരുങ്ങിക്കൊണ്ടിരിക്കണം. വെറും ന്യായവാദപരമായി മാത്രമല്ല നാം ശബ്ബത്ത് ആചരിക്കേണ്ടത്” 6T, Vol. 6, P 353.

“ഒന്നും പ്രവൃത്തിക്കാത്തവിധം ജീവനില്ലാത്ത രീതിയിലല്ല സ്വർഗ്ഗമെങ്ങും ശബ്ബത്ത് ആചരിക്കുന്നത്. ആ ദിവം ദേഹിയുടെ സകല ഊർജ്ജവും ഉണരണം. അന്നു ദൈവത്തോടും ക്രിസ്തുവാകുന്ന രക്ഷകനോടും നമ്മൾ കണ്ടുമുട്ടേണ്ടതല്ലേ? വിശ്വാസത്തിൽ നാം ആ കാഴ്ച അനുഭവിക്കണം. ഓരോ വ്യക്തിയെയും ഉന്മേഷപൂർണ്ണരായി അനുഗ്രഹിപ്പാൻ ദൈവം കാത്തിരിക്കുന്നു” 6T, Vol. 6, P. 362.

“മറ്റുദിവസങ്ങളെക്കാളും അധികം ശബ്ബത്തു ദിവസം ദൈവത്തിനു നമ്മുടെ മേലുള്ള ആവശ്യത്തിന്റെ അധികാരം വളരെ കൂടുതലാണ്. അന്നു തന്റെ ജനം തങ്ങളുടെ സാധാരണവേലകളെല്ലാം വിട്ടുമാറി ധ്യാനത്തിലും ആരാധനയിലും സമയം ചെലവിടണം. മറ്റു ദിവസങ്ങളെക്കാളുമധികം അന്ന് അവർ കൂടുതൽ കൃപക്കു യാചിക്കണം. അതിരില്ലാത്ത അനുഗ്രഹങ്ങൾക്ക് അന്ന് അപേക്ഷിക്കണം. ഈ അപേക്ഷകൾ അനുവദിക്കാതെ ശബ്ബത്ത് അവസാനിപ്പാൻ ദൈവം അനുവദിക്കില്ല. അതുപോലെ മനുഷ്യരും നന്മ ചെയ്യുന്നതിൽ മടുത്തുപോകരുത്. പ്രയോജനരഹിത പ്രവർത്തനങ്ങൾക്കുള്ള സമയമല്ല ശബ്ബത്ത്. ദൈവത്തിന്റെ സ്വസ്ഥത ദിവസം ഭൗതികവേലകൾ പാടില്ലായെന്നു ദൈവകല്പന പറയുന്നു. ജീവിക്കുന്നതിനുവേണ്ടിയുള്ള സകല അദ്ധ്വാനവും അതിനു മുമ്പുതന്നെ അവസാനിച്ചിരിക്കണം. ലോകസുഖത്തിനുവേണ്ടിയുള്ള ഏതൊരു അദ്ധ്വാനവും അന്നത്തേക്ക് അനുവദനീയമല്ല. ദൈവം തന്റെ വേലയിൽനിന്നെല്ലാം ഒഴിഞ്ഞു ശബ്ബത്തിൽ സ്വസ്ഥമായിരുന്നു. അതിനെ അനുഗ്രഹിച്ചതുപോലെ മനുഷ്യരും തങ്ങളുടെ നിത്യേനയുള്ള അദ്ധ്വാനങ്ങളെല്ലാം അവസാനിപ്പിച്ച് ആ ദിവസത്തിന്റെ വിശുദ്ധമണിക്കൂറുകൾ ആരോഗ്യദായകസ്വസ്ഥതയ്ക്കും ആരാധനയ്ക്കും വിശുദ്ധകാര്യങ്ങൾക്കുമായി വിനിയോഗിക്കണം. രോഗികളെ സൗഖ്യമാക്കുന്ന ക്രിസ്തുവിന്റെ പ്രവർത്തനം പൂർണ്ണമായും നിയമവിധേയം തന്നെ. അതു ശബ്ബത്തിനെ ബഹുമാനിക്കാൻ തന്നെയായിരുന്നു” DA, P. 207.

## ചർച്ചാചോദ്യങ്ങൾ

1. **പല രാജ്യങ്ങളിലും പരിസ്ഥിതി സംരക്ഷണം ചൂടേറിയ ഒരു ചർച്ചാവിഷയമായിരിക്കയാണ്. രാഷ്ട്രീയ പരിപാടികൾ ശ്രദ്ധിക്കാതെതന്നെ പ്രകൃതി സംരക്ഷണത്തിന്റെ നല്ല കാര്യവിചാരകരായിരിപ്പാൻ അഡ്വന്റിസ്റ്റുകളായ നമുക്ക് എങ്ങനെ സാധിക്കും?**
2. **സേവനം മനസ്സിൽ ആരംഭിക്കേണ്ടതാണ്. നമ്മുടെ കുടുംബാംഗങ്ങൾ, സഭാംഗങ്ങൾ, സമൂഹത്തിലുള്ളവർ എന്നിവരെ അനുകമ്പാപൂർണ്ണം സേവിക്കുവാൻ നമ്മുടെ മനസ്സുകളെ എങ്ങനെ ക്രമപ്പെടുത്താനാകും? അതു ചെയ്‌വാൻ നമുക്കു കഴിയേണ്ടതിനു ശബ്ബത്ത് എപ്രകാരം അവസരമൊരുക്കിത്തരുന്നു?**
3. **സകലമനുഷ്യരും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് ഓരോ ശബ്ബത്തും നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവനയനങ്ങളിൽക്കൂടെ മനുഷ്യരെ കാണ്മാൻ അതു നമ്മെ സഹായിക്കുന്നു. എല്ലാവരും ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കയാലും ദൈവസ്നേഹത്തിന്റെ കരുണസ്പർശം എല്ലാവരും ഏറ്റിരിക്കയാലും വംശീയ, വർഗ്ഗീയ, സാമൂഹ്യ, സാമ്പത്തിക, ലിംഗവ്യത്യാസങ്ങളെല്ലാം ഉപേക്ഷിച്ചുകളവാൻ ശബ്ബത്തു നമ്മെ എങ്ങനെ സഹായിക്കുന്നുണ്ട്.**